(ബി) മുൻസർക്കാരിന്റെ കാലത്ത് പുതിയതായി ഐ.ടി.ഐ.-കൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

മുൻ സർക്കാരിന്റെ കാലത്ത് വകുപ്പിനുകീഴിൽ പുതുതായി ഐ.ടി.ഐ.-കൾ ആരംഭിച്ചിട്ടില്ല.

(സി) മുൻസർക്കാരിന്റെ കാലത്ത് ഐ.ടി.ഐ.-കളിൽ പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

മുൻ സർക്കാരിന്റെ കാലത്ത് ഐ.ടി.ഐ.-കളിൽ പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

**പട്ടികജാതി വകുപ്പിന്റെ ഐ.ടി.ഐ.-കൾക്കുള്ള അലോട്ട്മെന്റ്**

41 (3747) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷത്തിനിടെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ എത്ര പുതിയ ഐ.ടി.ഐ.-കൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ പത്ത് വർഷത്തിനിടെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പുതിയ ഐ.ടി.ഐ.-കൾ ആരംഭിച്ചിട്ടില്ല.

(ബി) 2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കൾക്ക് പ്രവർത്തിക്കാനുള്ള ആദ്യ അലോട്ട്മെന്റുകൾ നൽകിയ തീയതികൾ ഓരോ ഹെഡ്ഡിലും തരംതിരിച്ച് നൽകാമോ?

2021-22 സാമ്പത്തിക വർഷം വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.- കൾക്ക് പ്രവർത്തിക്കാനുള്ള അലോട്ട്മെന്റ് നൽകിയ തീയതി അനുബന്ധമായി ചേർക്കുന്നു*

(സി) പ്രസ്തുത ഐ.ടി.ഐ.-കൾക്ക് പ്രവർത്തിക്കാനുള്ള അലോട്ട്മെന്റുകൾ നാളിതുവരെ ലഭ്യമായിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരമേഖല ട്രെയിനിംഗ് ഇൻസ്പെക്ടറുടെ സാമ്പത്തികാധികാരം മറ്റൊരു ഉദ്യോഗസ്ഥന് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാത്തതിനാൽ ഉത്തരമേഖലയുടെ കീഴിൽ വരുന്ന ഐ.ടി.ഐ.-കൾക്ക് അലോട്ട്മെന്റ് നൽകാൻ കഴിഞ്ഞിട്ടില്ല. പ്രവർത്തന ചെലവുകൾ ഉൾപ്പെടുത്തിയിട്ടുള്ള ശീർഷകത്തിൽ [2225-1-277-57-34(P)] വകയിരുത്തിയിട്ടുള്ള തുകയുടെ 1/3 തുക മാത്രമേ BAMS പ്രകാരം അലോട്ട്മെന്റ് നല്കാൻ കഴിയുകയുള്ളൂ.

**ആദിവാസി വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം**

42 (3748) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ആദിവാസി വിഭാഗങ്ങളിലെ ഒട്ടേറെ വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി., പ്ലസ് ടു കോഴ്സുകൾ പൂർത്തിയാക്കിയ ശേഷം പഠനം തുടരാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

എസ്.എസ്.എൽ.സി., പ്ലസ്ടു കോഴ്സുകൾ പൂർത്തിയാക്കി ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യത നേടിയവരിൽ ചുരുക്കം ചില വിദ്യാർത്ഥികൾ പഠനം തുടരാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആദിവാസി വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, തൊഴിൽ പരിശീലനം എന്നിവയ്ക്ക് കൂടുതൽ സാധ്യത ഉറപ്പാക്കാൻ വയനാട് ജില്ലയിൽ ട്രൈബൽ ഐ.ടി.ഐ. ആരംഭിക്കുന്ന കാര്യം പരിഗണിക്കാമോ?

നിലവിൽ പരിഗണനയിലില്ല. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) പ്രസ്തുത ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിലാണ് പരിശീലനം നൽകുന്നതെന്നും ഓരോ വർഷവും പരിശീലനം നേടുന്നവരുടെ എണ്ണമെത്രയെന്നും അറിയിക്കുമോ?

ഉണ്ട്. വയനാട് ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ മാനന്തവാടി വെള്ളമുണ്ട തയ്യൽ പരിശീലനകേന്ദ്രം, മീനങ്ങാടി തയ്യൽ പരിശീലന കേന്ദ്രം, മുത്തങ്ങ തയ്യൽ പരിശീലനകേന്ദ്രം എന്നീ പരിശീലന കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഓരോ വർഷവും 12 പരിശീലനാർത്ഥികൾക്ക് വീതം ഓരോ പരിശീലന കേന്ദ്രത്തിലും പ്രവേശനം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly